**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 339** **08-06-2021 - ൽ മറുപടിയ്ക്ക്**

**ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ് എന്നിവിടങ്ങളിൽ കരാറുകാർക്കായി നടപ്പിലാക്കിയ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തദ്ദേശഭരണ സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ വകുപ്പുകളിലെയും കരാറുകാർക്ക് മുൻ സർക്കാരിന്റെ കാലത്ത് ബാധകമാക്കിയിരുന്നോ; | (എ) | ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ വകുപ്പുകളിലെയും കരാറുകാർക്ക് മുൻ സർക്കാരിന്റെ കാലത്ത് ബാധകമാക്കിയിരുന്നു. |
| (ബി) | മുൻ സർക്കാർ അഭിമുഖീകരിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിലാണോ ഇത്തരമൊരു തീരുമാനം എടുത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) | കരാറുകാരുടെ ബില്ലുകൾക്ക് കൃത്യമായ സമയക്രമം നിശ്ചയിച്ച് തീർപ്പാക്കുന്നതിനുവേണ്ടിയാണ് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം എല്ലാ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിച്ചത് |
| (സി) | നിലവിൽ എത്ര കോടി രൂപയുടെ കുടിശ്ശിക പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കരാറുകാർക്ക് നൽകുവാനുണ്ട്; പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് കൊടുത്ത് തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കാമോ? | (സി) | കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക ചുവടെ പറയും പ്രകാരമാണ്. പൊതുമരാമത്ത് - 1046 കോടി രൂപ ജലവിഭവം - 206 കോടി രൂപ പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽ കേന്ദ്രീകൃത സീനിയോറിറ്റി സംവിധാനത്തിലൂടെയാണ് കരാറുകാർക്ക് തുക നൽകി വരുന്നത്. ഇതുപ്രകാരം 17/06/2021, 22/07/2021, 16/08/2021, 23/09/2021 എന്നീ തീയതികളിലും തുടർന്ന് വരുന്ന മാസങ്ങളിലെ നിശ്ചയിക്കപ്പെട്ട തീയതികളിലുമായി മേൽ തുക നൽകുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബില്ലുകൾക്ക് നിലവിൽ നിയന്ത്രണങ്ങൾ ഇല്ല. ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാറി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ